1. കൊറ്റി-കോട്ടപ്പുറം-വളപട്ടണം-പറശ്ശിനിക്കടവ് റൂട്ടിൽ ഗതാഗതം സുഗമമാക്കുന്നതിനായി 13 കോടി രൂപയുടെ എസ്റ്റിമേറ്റിൽ ഡ്രഡ്ജിംഗ്, പാർശ്വഭിത്തി നിർമ്മാണം, പാലങ്ങളുടെയും ജെട്ടികളുടെയും നിർമ്മാണം എന്നിവ ഉൾപ്പെട്ട നവീകരണ ജോലികൾ പൂർത്തിയായി വരികയാണ്.

2. ടി. എസ്. കനാലിൽ, കോവളം മുതൽ കൊല്ലം വരെയുള്ള ഭാഗത്ത് ബോട്ടുഗതാഗതം സുഗമമാക്കുന്നതിനും തദ്വാരാ ടൂറിസം വികസിപ്പിക്കുന്നതിനുമായി ഏകദേശം 70 കോടിരൂപ എസ്റ്റിമേറ്റ് പ്രതീക്ഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ അടുത്ത സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കത്തക്കവിധത്തിൽ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു.

3. ആലപ്പുഴ കനാൽ നവീകരിക്കുന്നതിനും മാലിന്യങ്ങൾ നീക്കി വൃത്തിയാക്കുന്നതിനുമായി വിവിധ ഏജൻസികളെ ഏകോപിപ്പിച്ചു കൊണ്ട് ഒരു പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

4. കൂടാതെ, ആലപ്പുഴ-കോട്ടയം, കോട്ടയം-വൈക്കം, ആലപ്പുഴ-ചങ്ങനാശ്ശേരി ജലപാതകൾ വികസിപ്പിക്കുന്നതിന് നാഷണൽ ഹൈവേ പ്രോജക്ടിൽ കൂടി ഉൾപ്പെടുത്തി ലോക ബാങ്കിന്റെ സഹായം തേടുന്നതിനുള്ള നടപടികൾ എടുത്തുവരുന്നുണ്ട്.

5 കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിന് താഴെ കാണിച്ചിരിക്കുന്ന ജലപാതകളുടെ വികസനത്തിനുള്ള പ്രോജക്ട് റിപ്പോർട്ടുകൾ ഉപരിതല ഗതാഗത മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്.

ബേപ്പൂർ-കല്ലായി കനാൽ - 1080 ലക്ഷം രൂപ

മാഹി-വളപട്ടണം കനാൽ - 150 കോടി രൂപ

വടകര-മാഹി കനാൽ - 1692 ലക്ഷം രൂപ

കൂടാതെ കൊറ്റി-കോട്ടപ്പുറം കനാലിന്റെ വികസനത്തിന് 321.21 ലക്ഷം രൂപ ചെലവു വരുന്ന ഒരു പദ്ധതിക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചു കഴിഞ്ഞിട്ടുണ്ട്.

(സി) വെസ്റ്റ്-കോസ്റ്റ് കനാലിൽ ദേശീയ ജലപാതയായി പ്രഖ്യാപിക്കപ്പെട്ട ഭാഗം കഴിച്ച്, ഏകദേശം 420 കിലോമീറ്റർ ദൈർഘ്യം വരുന്ന ഭാഗവും ഏകദേശം 1000 കിലോമീറ്റർ ദൈർഘ്യം വരുന്ന ഉപകനാലുകളും പുനരുദ്ധരിക്കേണ്ടതായിട്ടുണ്ട്.

പി. വി. ഐ. പി. യെ റീ-വാമ്പിംഗ് സ്കീമിൽ ഉൾപ്പെടുത്തുന്നതിന് നടപടി

32 (1698) ശ്രീ. എം. പി. വർഗ്ഗീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പി. വി. ഐ. പി യെ റീ-വാമ്പിംഗ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഈ സ്കീം അനുസരിച്ച് എത്ര രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) പി. വി.ഐ. പി. യുടെ നെല്ലാട് ബ്രാഞ്ച് കനാൽ പീപ്പിൾസ് പാർട്ടിസിപ്പേഷൻ സ്കീമിൽ ഉൾപ്പെടുത്തി പണി നടത്തിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ; എന്നത്തേയ്ക്ക് പണി ആരംഭിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 15 കോടി രൂപ.

(സി) പാർട്ടിസിപ്പേറ്ററി ഇറിഗേഷൻ സ്കീമിൽപ്പെടുത്തി അനുവാദം കിട്ടിയിട്ടുണ്ട്. സർക്കാരിന്റെ ഇറിഗേഷൻ പോളിസി നടപ്പാക്കുന്നതനുസരിച്ച് നെല്ലാട് ബ്രാഞ്ച് കനാലിന്റെ പണികൾ ആരംഭിക്കുന്നതാണ്.

താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

33 (1700) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുപ്രീംകോടതി വിധിയെ തുടർന്ന് സർവ്വീസിൽ തുടരുന്നവരും 19-9-1990 - ന് ഒരു വർഷം സർവ്വീസ് തികയാത്തവരുമായ വാട്ടർ അതോറിറ്റിയിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഉടൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സുപ്രീംകോടതി വിധിയെത്തുടർന്ന് സർവ്വീസിൽ തുടരുന്നവരും 19-9-1990-ന് ഒരു വർഷം സർവ്വീസ് തികയാത്തവരുമായ വാട്ടർ അതോറിറ്റിയിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

കൊടാട്ട് വി. സി. ബി. പദ്ധതി

34 (1701) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അജാസൂർ പഞ്ചായത്തിലെ കൊടാട്ട് വി. സി. ബി. എന്ന പദ്ധതി പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് എന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly